## ബാലവകുപ്പ് വാല്യം 2  മാതൃകാചോദ്യങ്ങൾ ( 1 മുതൽ 10 വരെ പാഠങ്ങളിൽ നിന്നും )

1. മോശയുടെ അമ്മയുടെ പേര് എന്തായിരുന്നു?
2. മോശയുടെ അപ്പന്റെ പേര് എന്തായിരുന്നു?
3. എന്തുകൊണ്ടാണ് രാജകുമാരി കുഞ്ഞിന് മോശ എന്ന പേരിട്ടത്?
4. റെഡ്ക്രോസ് സൊസൈറ്റിയുടെ പ്രധാന പ്രവർത്തനങ്ങളെന്തെല്ലാം ?
5. മോശയുടെ ചരിത്രം ബൈബിളിലെ ഏതു പുസ്തകത്തിലാണ് നാം കാണുന്നത്?
6. രൂത്ത് നൊവൊമിയോടൊപ്പം വന്നത്  എവിടെ നിന്ന് എവിടേക്കാണ്?
7. നീ നിന്റെ അമ്മായിയമ്മക്ക് ചെയ്തതെല്ലാം ഞാൻ കേട്ടിരിക്കുന്നു - ആര്, ആരോട് പറഞ്ഞു?
8. നിന്നോട് ആദരവ് കാട്ടിയവൻ അനുഗ്രഹീതൻ - ആര്, ആരോട് പറഞ്ഞു?
9. ബോവസിൽ നിങ്ങൾ പഠിച്ച രണ്ടു ഗുണങ്ങൾ ഏവ?
10. ബേത്‌ലഹേം എന്ന വാക്കിന്റെ അർത്ഥമെന്ത്?
11. വസ്ഥിരാജ്ഞിയുടെ കഥ ബൈബിളിലെ ഏതു പുസ്തകത്തിലാണ് നാം കാണുന്നത്?
12. വി. പൗലോസിന്റെ വാക്കുകൾ പൂരിപ്പിക്കുക-  നിങ്ങൾ ദൈവത്തിന്റെ .......................... ആകുന്നു.
13. വി. പൗലോസിന്റെ വാക്കുകൾ പൂരിപ്പിക്കുക-  ദൈവത്തിന്റെ മന്ദിരം .................... അല്ലോ.
14. വസ്ഥിരാജ്ഞിയുടെ പാഠം പഠിച്ചതിലൂടെ നിങ്ങൾക്ക് ലഭിച്ച ഉൾക്കാഴ്ച/തീരുമാനം പങ്കുവെക്കുക.
15. ബാലനായിരുന്ന യോശിയാവിനെ സ്വാധീനച്ചത് ആരുടെ ചരിത്രമായിരുന്നു?
16. ബാലനായിരുന്ന യോശിയാവിനെ നല്ല ശിക്ഷണത്തിൽ വളർത്തിയതാര് ?
17. യോശിയാവ് എന്ന പേരിന്റെ അർത്ഥം ?
18. മഹാത്മഗാന്ധി, നെൽസൺ മണ്ടേല, അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത ഇവരുടെ ചിത്രങ്ങൾ കാട്ടിയിട്ട് ഏതെങ്കിലും ഒരാളെക്കുറിച്ച് വിശദീകരണം നൽകുവാൻ നിർദ്ദേശിക്കുക.
19. ഞാൻ എന്റെ വചനങ്ങളെ നിന്റെ വായിൽ തന്നിരിക്കുന്നു - ആര്, ആരോട് പറഞ്ഞു?
20. പുരോഹിതനായിരുന്ന ഹിൽക്കിയാവിന്റെ മകനായിരുന്നു ................................    ( പൂരിപ്പിക്കൂക)
21. ഞാൻ നിന്നെ വിശുദ്ധീകരിച്ച് ജാതികൾക്ക് പ്രവാചകനായി നിയമിച്ചിരിക്കുന്നു - ആര്, ആരോട് പറഞ്ഞു?
22. ദൈവം യിരെമ്യാവിനെ ധൈര്യപ്പെടുത്തിയതെങ്ങനെ?
22. അഹശ്വേരേശ് ഏത് രാജ്യത്തെ രാജാവായിരുന്നു?
23. ഹാമാൻ തന്റെ സ്വാധീനം ഉപയോഗിച്ച് രാജകൽപ്പന വാങ്ങി യഹൂദന്മാരെ സഹായിക്കുന്നതിന് ശ്രമിച്ചു- ശരിയോ തെറ്റോ ?
24. എസ്ഥേർ മൊർദ്ദേഖായിയുടെ സഹോദരിയായിരുന്നു - ശരിയോ തെറ്റോ ?
25. രാജസന്നിധിയിലേക്ക് പോകുന്നതിനു മുമ്പ് എസ്ഥേറും തോഴിമാരും എന്തു ചെയ്തു?
26. ശരിയായി ക്രമീകരിക്കുക | ശ്രദ്ധയോടുകൂടിയ | നീതിമാന്റെ | ഫലിക്കുന്നു | വളരെ | പ്രാർത്ഥന |
27. എസ്ഥേർ എന്ന പേരിന്റെ അർത്ഥമെന്ത്?
28. ഇയ്യോബ് എങ്ങനെയുള്ള മനുഷ്യനായിരുന്നു? ( 3 വിശേഷണങ്ങൾ )
29. ഇയ്യോബിനെ ഭാര്യ പരിഹസിച്ചു -  ശരിയോ തെറ്റോ ?
30. സമ്പത്തും മക്കളും നഷ്ടപ്പെടുകയും രോഗിയാവുകയും ചെയ്തപ്പോൾ ഇയ്യോബ് ദൈവത്തെ തള്ളിപ്പറഞ്ഞു-ശരിയോ തെറ്റോ ?
31. സ്നേഹിതർ ഇയ്യോബിനെ ആശ്വസിപ്പിച്ചു - ശരിയോ തെറ്റോ ?
32. ദൈവം ഇയ്യോബിന്റെ സ്ഥിതിക്ക് മാറ്റം വരുത്തിയതെപ്പോൾ ?
33. അഗതികളുടെ അമ്മ - എന്നറിയപ്പെടുന്നതാര്?
34. ഏതു പട്ടണത്തിലെ വിധവയുടെ മകനെയാണ് യേശു ഉയർപ്പിച്ചത്?
35. നയിൻ പട്ടണവാതിക്കൽ യേശുവും ശിഷ്യരും എത്തിയപ്പോൾ കണ്ട കാഴ്ചയെന്തായിരുന്നു?
36. വിധവയുടെ ഏകമകനായിരുന്നു മരിച്ചത് -  ശരിയോ തെറ്റോ ?
37. കരഞ്ഞുകൊണ്ടിരുന്ന വിധവയോട് യേശു എന്താണ് പറഞ്ഞത് ?
38. ശവമഞ്ചം തൊട്ടിട്ട് യേശു എന്താണ് പറഞ്ഞത് ?
39. അപ്പോൾ എന്തുണ്ടായി?
40. യേശുവിന്റെ ......................... ആണ് വിധവയുടെ മകനെ ഉയിർപ്പിക്കുവാൻ കാരണമായത്. ( പൂരിപ്പിക്കൂക)
41. പത്ത് കന്യകമാരുടെ ഉപമ ഏതു സുവിശേഷത്തിലാണ് കാണുന്നത്?
42. അഞ്ചുകന്യകമാർ ബുദ്ധിയുള്ളവർ എന്നു വിശേഷിപ്പിക്കാൻ കാരണമെന്ത്?
43. ഞങ്ങളുടെ വിളക്ക് കെട്ടുപോകുന്നു, നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്ക് തരുവീൻ - ആര്, ആരോട് പറഞ്ഞു?
44. ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായിട്ടു നിങ്ങളോട് പറയുന്നു - ആര്, ആരോട് പറഞ്ഞു?
45. ശരിയായി ക്രമീകരിക്കുക | പാത്രത്തിൽ | ബുദ്ധിയുള്ളവരോ | എടുത്തു | വിളക്കോടുകൂടെ | എണ്ണയും |
46. ഞാൻ ക്രിസ്തുവല്ല - ആര്, ആരോട് പറഞ്ഞു ?
47. എന്തിനാണ് യഹൂദന്മാർ പൂരോഹിതരേയും ലേവ്യരേയും യോഹന്നാന്റെ അടുത്തേക്ക് അയച്ചത്?
48. കർത്താവിന്റെ വഴി നേരെ ആക്കുവീൻ എന്ന് മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം ഞാൻ ആകൂന്നു.- എന്ന് പറഞ്ഞതാര്?
49. ശരിയായി ക്രമീകരിക്കുക | വളരേണം | ഞാനോ | അവനോ | കുറയേണം |
50. യോഹന്നാൻ സ്നാപകന്റെ ജീവിതപാഠത്തിൽ നിന്നും നിങ്ങൾ ഉൾക്കൊണ്ട ഗുണപാഠം എന്ത്?

*********